# ഭൈഷജ്യരത്നാവലിയിലെ സൈദ്ധാന്തികത

ഡോ. ശശിധരൻ

ചരകം, സുശ്രുതം, അഷ്ടാംഗഹൃദയം തുടങ്ങിയ ഗ്രന്ഥങ്ങളിൽ പറഞ്ഞിരിയ്ക്കുന്നതിൽ നിന്ന് വ്യത്യസ്തമായൊരു സൈദ്ധാന്തികത ഇതിനകത്തുണ്ടോ? ത്രിദോഷസിദ്ധാന്തം, പഞ്ചമഹാഭൂതസിദ്ധാന്തം എന്നീഅടിസ്ഥാന സിദ്ധാന്തങ്ങളിൽ ഒരിയ്ക്കലും മാറ്റം വരുന്നില്ല. സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ചികിത്സ നടക്കുന്നത്. അതുകൊണ്ട് ഭൈഷജ്യരത്നാവലിയിലെ സിദ്ധാന്തത്തിന്റെ അവതരണം എങ്ങനെയാണ് എന്നു ചിന്തിയ്ക്കുന്നതായിരിയ്ക്കും നല്ലത്. അനേക രത്നസമൂഹങ്ങളെ (ഭൈഷജ്യങ്ങളെ) കോർത്തിണക്കിക്കൊണ്ടുള്ള ഒരു ഗ്രന്ഥമാണ് ഭൈഷജ്യരത്നാവലി എന്നുപറയാം. ഇതിലെ ഏറ്റവും ആകർഷണീയത വൈദ്യന് ഏറ്റവും അധികം പ്രാധാന്യത്തോടെ വിവരണം കൊടുക്കുന്നു എന്നതാണ്. പുതിയ വൈദ്യന്മാർക്കു കൂടി മനസ്സിലാകുന്ന തരത്തിലുള്ള പ്രകരണമാണ് പല സ്ഥലങ്ങളിലും ഉള്ളത്.

'*വൈദ്യഃ ദ്വിജ സ്മൃതഃ*' വൈദ്യനെ ദ്വിജനായിട്ട് പറയുന്നുണ്ട്. ഭൈഷജ്യരത്നാവലിയിൽ പലപ്രകരണങ്ങളിലും പ്രായോഗികതയ്ക്ക് പ്രാധാന്യം കൊടുത്തുകാണുന്നു. അതുപോലെ തന്നെ പത്ഥ്യാ/പത്ഥ്യങ്ങൾ. ഏതാണ്ട് ആയിരത്തോളം ശ്ലോകങ്ങളിലായി വിവരിച്ച ജ്വരചികിത്സാപ്രകരണത്തിൽ മറ്റു പുസ്തകങ്ങളിൽ പറയാത്ത ജ്വരാതിസാരത്തിനെപ്പറ്റി പറയുന്ന ഒരു സിദ്ധാന്തമുണ്ട്.

*പിത്തജ്വരേ പിത്തഭവോതിസാരേ തഥാതിസാരേ യദി വാ ജ്വരഃ സ്യാത്*
*ദോഷസ്യ ദൂഷ്യസ്യ സമാനഭാവാത് ജ്വരാതിസാര കഥിതോ ഭിഷഗ്ഭിഃ*

ഇതിൽ ദോഷ ദൂഷ്യങ്ങൾ ഒരുപോലിരിയ്ക്കുന്ന ഒരവസ്ഥയാണ്.

രസപ്രയോഗത്തിനെപ്പറ്റി പറയുന്നിടത്ത്,

*ന ദോഷാണം ന രോഗാണാം ന പുംസാശ്ച പരീക്ഷണം*
*ന ദേശസ്യ ന കാലസ്യ കാര്യം രസചികിത്സിതേ.*

പരസ്പരം വൈരുദ്ധ്യമുണ്ടാക്കുന്ന ചികിത്സയാണ് ജ്വരത്തിൽ ചെയ്യുന്ന ചികിത്സകൾ.

*ആമാശയസ്ഥോ ഹത്വാഗ്നിം സാമോ മാർഗ്ഗാൻ പിധായ യൽ*
*വിദധാതി ജ്വരം ദോഷ തസ്മാൽ കുർവീത ലംഘനം*

പക്ഷേ പിത്താതിസാരത്തിൽ പറയുമ്പോൾ,

*പൈത്തേ തീക്ഷ്ണോഷ്ണവർജ്ജ്യം പ്രാഗേ ലംഘനം*

തീക്ഷ്ണോഷ്ണ പ്രയോഗങ്ങൾ വർജ്ജിച്ചിട്ടാണ് ലംഘനം ചെയ്യേണ്ടത്. കാരണം,

*പ്രായോ ജ്വരഹരം ഭേദി സ്തംഭനം ത്വതിസാരനുത്*
*അതോന്യോന്യ വിരുദ്ധത്വാത് വർദ്ധനം തത് പരസ്പരം*

ജ്വരത്തിൽ അമൃതോത്തരം കഷായമൊക്കെ കൊടുത്ത് ദോഷപാചനം വന്ന് മലപ്രവർത്തനമുണ്ടായി അങ്ങനെ ശമനമുണ്ടായെന്ന് പറയാം. പക്ഷേ അവിടെ മലത്തെ പ്രവർത്തിപ്പിക്കുന്നു

ണ്ട്. നേരെമറിച്ച് അതിസാരത്തിൽ, സ്തംഭിപ്പിച്ചാൽ ജ്വരം ശമിക്കണമെന്നില്ല. അതിനാൽ ചികിത്സയിൽ പരസ്പരവൈരുദ്ധ്യം കാണുന്നു.

അഷ്ടാംഗഹൃദയത്തിൽ ജ്വരചികിത്സയെപ്പറ്റി പറയുന്ന സ്ഥലത്ത് ഷഡംഗം കഷായം ഉപയോഗിക്കാൻ പറയുന്നു. പിത്താതിസാരത്തിൽഷഡംഗം കഷായത്തിൽ ശാരിബ ചേർത്തു കൊടുക്കാൻ പറയുന്നു. *'സ തിക്ത സ ശാരിബ'* സാധാരണയായി ആമപാചനമായി ഉപയോഗിക്കുന്ന മരുന്നുകളെല്ലാം തീക്ഷ്ണോഷ്ണങ്ങളായിരിക്കും. തീക്ഷ്ണോഷ്ണമായ ദ്രവ്യങ്ങളുപയോഗിക്കുമ്പോൾ അത് പിത്ത ദോഷത്തിനെ കോപിപ്പിക്കുന്നു. അതിനാൽ പിത്തദോഷത്തിനു തകരാറുണ്ടാക്കാതെയുള്ള ആമപാച നമാണ് ആചാര്യൻ ഉദ്ദേശിക്കുന്നത്. അങ്ങനെയുള്ള അവസ്ഥയിലാണ് നറുനീണ്ടിക്കിഴങ്ങും പുത്തരി ച്ചുണ്ടയുമൊക്കെ ചേർത്തു ഷഡംഗം കൊടുക്കുന്നത്. പക്ഷേ ജ്വരത്തിൽ മാത്രമല്ല രക്തപിത്തം മുത ലായ രോഗങ്ങളിലും ഷഡംഗത്തിന്റെ ഉപയോഗം കാണുന്നുണ്ട്. അവിടെയൊക്കെ ദ്രവ്യസംയോഗ ത്തിൽ വരുന്ന വ്യത്യാസമാണ് പ്രാധാന്യമർഹിയ്ക്കുന്നത്. ജ്വരത്തിലും അതിസാരത്തിലും സാമാന്യമാ യിക്കാണുന്നത് ആമസംബന്ധമാണ്.

*ജ്വരാതിസാരിണാമാദൗ കുര്യാത് ലംഘന പാചനൈഃ*
*പ്രായസ്താവാമസംബന്ധം വിനാ ന ഭവതോ യദാ*

അങ്ങനെയൊരവസ്ഥയിൽ ചികിത്സിയ്ക്കുമ്പോൾ ആമത്തിനു പ്രാധാന്യം കൊടുക്കേണ്ടതാണ്. ഹ്രീബേരാദി കഷായം, ഉശീരാദി കഷായം എന്നിവ പിത്താതിസാരത്തിൽ ഫലപ്രദമായി കാണുന്നു. പിത്താതിസാരത്തിൽ മാത്രമല്ല പിത്തപ്രാധാന്യമുള്ള പൈത്തിക വാതരക്തം, പൈത്തിക രക്തപിത്തം, പൈത്തിക കാസം എന്നീ രോഗങ്ങളിലൊക്കെയും അതിന്റെ ആമാവസ്ഥ ചികിത്സിക്കാൻ ബുദ്ധിമുട്ടാ ണ്. കാരണം ആമഹരൗഷധങ്ങൾക്കെല്ലാം പൊതുവെ തീക്ഷ്ണോഷ്ണ സ്വഭാവമുണ്ട്. അതു പിത്ത ത്തിന് ഗുണകരമല്ല. അതിനാൽ ദോഷത്തിന്റെ ഗുണവികല്പന വളരെ ശ്രദ്ധിച്ചു ചെയ്യേണ്ടതാണ്. ക്രോൺസ് ഡിസീസ് പോലെ ഇമ്മ്യൂണിറ്റിയുമായി ബന്ധപ്പെട്ട രോഗങ്ങളിലെല്ലാം തന്നെ ഹ്രീബേരാദി കഷായം, ഉശീരാദി കഷായം എന്നിവ ഫലപ്രദമായി കണ്ടിട്ടുണ്ട്. ഇമ്മ്യൂൺ സിസ്റ്റം പൊതുവെ പിത്ത വുമായി ബന്ധപ്പെടുത്തി പറയാം. വാതരക്തചികിത്സയിൽ പിത്തരക്തങ്ങൾക്കുണ്ടാവുന്ന വിദാഹത്തെ നോക്കിവേണം ചികിത്സ ചെയ്യാൻ. ഭൈഷജ്യരത്നാവലിയിൽ ജ്വരാതിസാരം എന്നൊരു അദ്ധ്യായം ഉണ്ടാവാൻ തന്നെ കാരണം ചികിത്സയിലെ അപായസാദ്ധ്യതകൾ കൊണ്ടാവാം. രണ്ടു രോഗങ്ങൾക്കും ശമനമുണ്ടാക്കുകയും മറ്റു ദോഷങ്ങൾ കോപിയ്ക്കാതിരിയ്ക്കുകയും വേണം.

ജ്വരം ഉള്ള അവസ്ഥയിൽ മാത്രമല്ല ഇല്ലാത്ത അവസ്ഥയിലും ഹ്രീബേരാദി, ഉശീരാദി എന്നീ കഷായങ്ങൾ കൊടുക്കാം.

*ഹന്ത്യരോചക പിച്ഛാമവിബന്ധം സാതിവേദനം*
*സശോണിതമതീസാരം സജ്വരം വാഥ വിജ്വരം*

ഈ സന്ദർഭത്തിൽ മലപരീക്ഷ വളരെ പ്രാധാന്യമർഹിയ്ക്കുന്നു. മലം വെള്ളത്തിൽ പൊങ്ങിക്കിട ക്കുന്നുവോ താഴ്ന്നു പോകുന്നുവോ എന്നെല്ലാം വിശദമായി മനസ്സിലാക്കി ചികിത്സിയ്ക്കാൻ പറയു ന്നു.

*മുസ്താപർപ്പടകം ജ്വരേ..........*

മുത്തങ്ങയും പർപ്പടകപ്പുല്ലും ദീപനമാണ് ഗ്രാഹിയാണ്. പിത്തഹരത്വവുമുണ്ട്.

അതിസാരചികിത്സയിൽ ബഹിഃപരിമാർജ്ജനം എന്ന ഒരു ഭാഗം പറയുന്നു. നെല്ലിയ്ക്കയരച്ച് തടമുണ്ടാക്കി നാഭിയിൽ ഇഞ്ചിനീരു നിറയ്ക്കാൻ പറയുന്നു. ജാതിയ്ക്കയരച്ച് നാഭിയിൽ പുരട്ടാൻ പറയുന്നു. ഗ്രഹണി പറയുന്നിടത്ത് '*അജീർണ്ണവദുപാചരേത്*' എന്നു പറയുന്നു.

സംഗ്രാഹകഗ്രഹണിയിൽ '*സംഭവേദാമവാതേന സംഗ്രഹഗ്രഹണീ മതഃ*'. കടീശൂലം, ആന്ത്രകൂജനം, ദൗർബല്യം ഇങ്ങനെയുള്ള ലക്ഷണങ്ങൾ കൂടി പറയുന്നു.

ഗ്രഹണിയിൽ ഉപയോഗിയ്ക്കുന്ന മദനമോദകം എന്ന മരുന്നിന്റെ ഫലശ്രുതി 'ആമവാതവികാരഘ്നം സംഗ്രഹണീഹരം' എന്നു പറയുന്നു. പക്ഷേ മദനമോദകത്തെക്കുറിച്ച് വിചാരിച്ചിരിയ്ക്കുന്നത് വളരെകാമോദ്ദീപകമായിരിയ്ക്കുന്ന ഒരു വസ്തുവായിട്ടാണ്. അതിലുപരി ഇതൊരു ആമപാചനവും ഗ്രഹണീഹരവുമാണ്. മരുന്നുകളുടെ ദീപനത്വം, ഗ്രഹണ്യവയവത്തിനെ നേരെയാക്കുന്നു എന്നൊക്കെ വിചാരിയ്ക്കാം.
വളരെ അപൂർവ്വമായി മാത്രം കാണുന്ന ഒരു പ്രകരണമായ ആമാശയരോഗാധികാരം ഭൈഷജ്യരത്നാവലിയിൽ കാണുന്നു. ആമാശയരോഗാധികാരത്തിൽ ലക്ഷണങ്ങൾ പറയുമ്പോൾ ഏറ്റവും പ്രധാനമായിട്ട് പറയുന്നത് ഛർദ്ദിയാണ്. (ഉത്ക്ലേശത്തോടുകൂടിയ ഛർദ്ദി). കാർശ്യം, ജ്വരം, അരുചി, ദാഹം, ശൂലം, വൈവർണ്ണ്യം,ഇന്ദ്രിയദൗർബല്യം എന്നിവയും ലക്ഷണമായി പറയുന്നു. ദീപനപാചന അനുലോമന ചികിത്സയാണ് വിധിയ്ക്കുന്നത്.
അർശസ് പറയുമ്പോൾ ബാഹുശാലഗുഡം വളരെ ഫലപ്രദമായി പറയുന്നു.
പാണ്ഡുചികിത്സ പറയുന്നിടത്ത് സ്വേദം നിഷിദ്ധമാണ്. സ്നേഹനം ഹിതമാണെങ്കിലും എണ്ണ നിഷിദ്ധമാണ്. ഗുഡഹരീതകിയും നവായസ ചൂർണ്ണവും ചേർന്ന യോഗരാജരസായനം എന്ന യോഗം ഭൈഷജ്യരത്നാവലിയിൽ പറയുന്നു. ഗോമൂത്രത്തിൽ ഭാവന ചെയ്ത ലോഹഭസ്മം വിധിയ്ക്കുന്നുണ്ട്.
രാജയക്ഷ്മാവിൽ ദീപനബൃംഹണചികിത്സയാണ് വിധിയ്ക്കുന്നത്. ദീപനമായിരിയ്ക്കുന്ന മരുന്നുകൾ പൊതുവെ ബൃംഹണമായിരിയ്ക്കണമെന്നില്ല. എന്നാൽ സൗമ്യധാതുക്കളുടെ ക്ഷയമെല്ലാം വിശദീകരിച്ചു വരുന്ന ചികിത്സയാണ് രാജയക്ഷ്മാവ്. ദീപനബൃംഹണമായി വളരെ കുറച്ചു മരുന്നുകൾ മാത്രമേയുള്ളൂ. ഉദാഹരണമായി താലീസപത്രാദി ചൂർണ്ണം പറയുന്നു. ഗ്രഹണിയിൽ പറയുന്ന താലീസപത്രാദി വടകത്തിനേക്കാൾ ബൃംഹണസ്വഭാവം താലീസപത്രാദി ചൂർണ്ണത്തിനുണ്ട്. രാജയക്ഷ്മാ ചികിത്സയിൽ ഭൈഷജ്യരത്നാവലികാരനും ഇതേസിദ്ധാന്തമാണ് അനുവർത്തിച്ചിരിയ്ക്കുന്നത്. ചില സ്ഥലങ്ങളിൽ ചില സിദ്ധാന്തങ്ങളെ കഥാരൂപേണ ആവിഷ്ക്കരിയ്ക്കുന്നുണ്ട്. രാജയക്ഷ്മാവിൽ ആഗ്നേയസ്വഭാവമായ ദക്ഷന്റെ കഥയും സൗമ്യമായ ധാതുക്കളെ പ്രതിനിധീകരിയ്ക്കുന്ന ചന്ദ്രന്റേയുമെല്ലാം കഥ പറയുന്നുണ്ട്.

വാതവ്യാധിപറയുന്നിടത്ത് തൈലദ്രോണി, കാഞ്ചിക ദ്രോണി എന്നു ചികിത്സ പറയുന്നു.

*വാതസ്യോപക്രമ സ്നേഹസ്വേദ സംശോധനം മൃദുഃ*

എന്ന ചികിത്സകൾ കലർപ്പില്ലാത്ത വാതത്തിന്റെ ചികിത്സകളാണ്.

വാതത്തിനെ നാഡീവ്യവസ്ഥയുമായി ബന്ധപ്പെടുത്താമെങ്കിലും നാഡിയെന്നത് കഫപ്രധാനമായ അംശമായും വായു അതിലെ പ്രവഹിയ്ക്കുന്ന ശക്തിയായിട്ടും പറയുന്നു. വായു പ്രവഹിയ്ക്കുന്ന സ്രോതസ്സുകളിൽ പിത്തത്തിന്റേയോ കഫത്തിന്റേയോ ഗുണങ്ങൾ കലരുമ്പോഴാണ് വാതരോഗത്തിന്റെ

സിദ്ധാന്തങ്ങളുമായി നമുക്ക് ബന്ധപ്പെടുത്താൻ സാധിയ്ക്കുന്നത്. വാതവ്യാധിയിൽ രൂക്ഷചികിത്സയും സ്നിഗ്ദ്ധചികിത്സയും പറയുന്നുണ്ട്. കാഞ്ചികദ്രോണി പതിനാറ് ഇടങ്ങഴി ധാന്യാമ്ലത്തിലിരുത്തുക എന്നതാണ്. അത് രൂക്ഷ ചികിത്സയാണ്. ഇതിന് പ്രധാനമായും രോഗിയുടെ അവസ്ഥ പ്രത്യേകം പറ യേണ്ടതാണ്. പക്ഷാഘാതം രണ്ട് തരത്തിൽ പറയുന്നു. flaccid paralysis ഉം spastic paralysis ഉം. spastic paralysis മിക്കവാറും വായുവിന്റെ സ്വതവേയുള്ള ഗുണങ്ങൾ പ്രധാനമായി വരുന്ന വിഭാഗമാ യിട്ടും flaccid paralysis കഫജന്യമായും കണക്കാക്കാം. flaccid paralysis ൽ കാഞ്ചിക പ്രയോഗങ്ങ ളും, spastic paralysis ൽ സ്നേഹപ്രയോഗങ്ങളും ഉപയോഗിയ്ക്കുന്നത് സിദ്ധാന്തപരമായി കൂടുതൽ ഫലപ്രദമാണ്.

‘*മാഷാത്മഗുപ്തകൈരണ്ഡ വാട്യാലകശൃതം പിബേത്*
*ഹിംഗുസൈന്ധവസംയുക്തം പക്ഷാഘാതനിവാരണം*’

എന്ന യോഗം കാലപ്പഴക്കമെത്തി നില്ക്കുന്ന പക്ഷാഘാതത്തിൽ വളരെ ഫലപ്രദമാണ്.

വാതരക്തത്തിൽ പിത്താതിസാരത്തിൽ പറഞ്ഞപോലെയുള്ള ചികിത്സാരീതികൾ അനുവർത്തി യ്ക്കേണ്ടതായി വരും. കാരണം വാതരക്തത്തിൽ പിത്തരക്തങ്ങളുടെ വിദാഹമൊക്കെ നോക്കിയിട്ടു വേണം ചികിത്സ നിശ്ചയിയ്ക്കുന്നത്. വാതവ്യാധികളിൽ പറയുന്ന ഗന്ധർവ്വഹസ്താദി കഷായം ഒരു പക്ഷേ വാതരക്തത്തിന്റെ ആമാവസ്ഥയിൽ പറ്റിയെന്നു വരില്ല. അവിടെ ഗന്ധർവ്വഹസ്താദി കഷായ ത്തിന് ചെറിയ വിദാഹത്വം ഉണ്ടെന്ന് വിചാരിയ്ക്കണം. അതുകൊണ്ടാവണം ഭൈഷജ്യരത്നാവലിയിൽ ഗന്ധർവ്വഹസ്താദി എന്ന പേരിൽ വേറൊരു കഷായയോഗം പറയുന്നത്.

*ഗന്ധർവ്വഹസ്തവൃഷഗോക്ഷുരകാമൃതാഭിർ*
*മൂലേർ ബലേക്ഷുരകയോശ്ച പചേത് കഷായം*
*വാതാസൃഗാശു വിനിഹന്തി ചിരപ്രരൂഢം*
*ആജാനുഗം സ്ഫുടിതമൂർദ്ധഗതന്തു പീതം.*

ഈ യോഗം പൈത്തികവാതരക്തത്തിലാവും കൂടുതലായി ഫലപ്രദമാകുന്നത്. പിത്താനുബന്ധം അഥവാ രക്താനുബന്ധത്തോടു കൂടി വിദാഹാവസ്ഥയിലുള്ള വാതരക്തത്തിൽ ഈ യോഗം വളരെ ഫലപ്രദമാണ്. ഇത് ഭൈഷജ്യരത്നാവലിയിൽ മാത്രമേ കാണുന്നുള്ളൂ.

വാതരക്തത്തിൽ വളരെ അനുഭവസിദ്ധമായിട്ടുള്ള വേറൊരു യോഗമാണ് നിംബാദി ചൂർണ്ണം. ‘*വാതശോണിതമത്യുഗ്രം ശ്വിത്രമൗദുംബരം തഥാ*’ നിംബാദി ചൂർണ്ണം ചിറ്റമൃത് കഷായത്തിൽ കൊടു ക്കാൻ വിധിയ്ക്കുന്നു. ഇത് വിദാഹത്തെ കുറയ്ക്കുന്നതും പിത്തശമനമുണ്ടാക്കുന്നതും അതുപോലെ രോഗശമനത്വമുണ്ടാക്കുന്നതുമായ യോഗമാണ്. വാതരക്തമെന്നത് സന്ധികളിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ഒരു രോഗമല്ല. രക്തചംക്രമണവ്യവസ്ഥ, നാഡീവ്യവസ്ഥ തുടങ്ങി എല്ലാറ്റിനേയും ബാധിച്ചു വരുന്നൊരു രോഗമാണിത്.

ഹൃദ്രോഗത്തിന്റെ പ്രകരണത്തിൽ പറയുന്ന പ്രഭാകരവടി വളരെ സാമാന്യമായി കൊടുക്കുന്ന ഒരൗഷ ധമാണ്.അലോപ്പതിയിൽ പറയുന്ന പല ഔഷധങ്ങൾക്കും പകരമായി ഇത് ഉപയോഗിയ്ക്കാം. പ്രഭാകരവടിയും രസോനാദി കഷായവുമെല്ലാം ഹൃദ്രോഗത്തിന് വളരെ ഫലപ്രദമായിട്ട് കൊടുക്കാ വുന്ന മരുന്നുകളാണ്.

ശൂലരോഗവും ഗുല്മരോഗവും പറയുമ്പോൾ ശൂലരോഗം ചികിത്സിയ്ക്കുന്നത് പാചനലംഘനമായിട്ടും ഗുല്മം ലംഘനദീപനമായിട്ടുമാണ് വിധിയ്ക്കുന്നത്. രോഗത്തിന്റെ ഉല്പത്തിയിൽ വരുന്ന വ്യത്യാസം കൊണ്ടായിരിയ്ക്കണം ഇങ്ങനെയൊരു സിദ്ധാന്തം പറഞ്ഞിരിയ്ക്കുന്നത്.

ഔപസർഗ്ഗികമേഹത്തിന്റെ കാരണങ്ങളൊക്കെ വളരെ വിശദമായി ഭൈഷജ്യരത്നാവലിയിൽ പറഞ്ഞി രിയ്ക്കുന്നു.

ധ്വജഭംഗാധികാരം - ക്ലൈബ്യത്തെക്കുറിച്ചുള്ള സന്ദർഭം. ക്ലൈബ്യം ഏഴായി തരംതിരിച്ച് വിശദമായ ചികിത്സകൾ പറയുന്നുണ്ട്. ഗവേഷണം ചെയ്യപ്പെടേണ്ട ഒരുപാടു വിഷയങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്.